LIBRARY ARCHIVES Kerala Legislative Assembly

തൊട്ടിൽപ്പാലം ഡിപ്പോയിൽനിന്നുള്ള സർവ്വീസുകൾ

245 (4633) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ തൊട്ടിൽപ്പാലം ഡിപ്പോയിൽനിന്നും നിലവിലുള്ള ബസ് സർവ്വീസുകളുടെ ഷെഡ്യൂൾ അറിയിക്കാമോ?

നാദാപുരം മണ്ഡലത്തിലെ തൊട്ടിൽപ്പാലം ഡിപ്പോയിൽനിന്നും നിലവിൽ 32 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) നിലവിൽ എത്ര സർവ്വീസുകൾ വെട്ടിച്ചുരുക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

കോവിഡ് ലോക്ഡൗണിനുമുമ്പ് 2020 ജനുവരിയിൽ പ്രതിദിനം ശരാശരി 36 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു. 4 ഷെഡ്യൂളുകൾ കോവിഡ് നിയന്ത്രണംമൂലം താൽക്കാലികമായി നിർത്തലാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത ഡിപ്പോയിൽ കൂടുതൽ ബസ്സ് സർവ്വീസുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

കോവിഡ് നിയന്ത്രണങ്ങളിൽ പൂർണ്ണമായും ഇളവുകൾ നൽകുന്ന മുറയ്ക്ക് കോർപ്പറേഷനും യാത്രക്കാർക്കും ഗുണകരമാകുന്നരീതിയിൽ കൂടുതൽ സർവ്വീസുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുന്നതാണ്.

പട്ടാമ്പി മണ്ഡലത്തിൽ നിർത്തലാക്കിയ സർവ്വീസുകൾ

246 (4634) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ന് ശേഷം പട്ടാമ്പി മണ്ഡലത്തിൽ സർവ്വീസ് നടത്തിയിരുന്നതും നിലവിൽ സർവ്വീസ് നിർത്തലാക്കിയിട്ടുള്ളതുമായ ട്രാൻസ്പോർട്ട് ബസ്സുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

&

(ബി) പ്രസ്തുത സർവ്വീസുകൾ പുനരാരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ യെന്ന് വ്യക്തമാക്കാമോ?

(എ&ബി) പട്ടാമ്പി നിയോജക മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് ഡിപ്പോകളില്ല. ടി മണ്ഡലത്തിൽകൂടി കടന്നുപോയിരുന്നതും എന്നാൽ ഇപ്പോൾ നിർത്തി വച്ചിട്ടുള്ളതുമായ സർവ്വീസുകൾ ചുവടെ ചേർക്കുന്നു :

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	സമയം	സർവ്വീസുകൾ
1.	05.30	തിരുവമ്പാടി-മൂന്നാർ
2.	06.00	പൊന്നാനി-കോയമ്പത്തൂർ
3.	07.00	പൊന്നാനി-കോയമ്പത്തൂർ
4.	07.15	പെരിന്തൽമണ്ണ-നാട്ടുമംഗലം-കൊപ്പം-ചെർപ്പുളശ്ശേരി
5.	07.10	കൽപ്പറ്റ-പാലക്കാട്
6.	05.30	കൽപ്പറ്റ-തൃശ്ശൂർ
7.	05.20	മലപ്പുറം-പാലക്കാട്
8.	04.15	പാലക്കാട്-കാടാമ്പുഴ
9.	13.35	പാലക്കാട്-കോയമ്പത്തൂർ-തിരുർ
10.	05.15	മണ്ണാർക്കാട്-എറണാകുളം ജെട്ടി
11	06.00	സുൽത്താൻബത്തേരി-പാലക്കാട്
12.	06.45	സുൽത്താൻബത്തേരി-തൃശ്ശൂർ
13.	08.10	സുൽത്താൻബത്തേരി-തൃശ്ശൂർ
14.	13.40	സുൽത്താൻബത്തേരി-പെരിന്തൽമണ്ണ

കോവിഡ്-19 വ്യാപനം കുറയുന്ന മുറയ്ക്കും യാത്രക്കാരുടെ ലഭ്യതയ്ക്കനുസരിച്ചും അന്തർസംസ്ഥാന സർവ്വീസുകൾക്ക് തമിഴ്നാട് സർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്കും സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.